MD NICHE
MEDIA CONSULTANTS

**THEJAS**

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **8** | Clip size (cm) - W: **12.5** H: **10**

# കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻഡുകൾ മാറ്റുരയ്ക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷനൽ അഡ്വർട്ടൈസിങ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരളാടൂറിസത്തിന് വെങ്കലമെഡൽ.

യുവർ മൊമെന്റ് ഈസ് വെയ്റ്റിങ് എന്ന കേരളാടൂറിസം പ്രചരണ പരിപാടിയുടെ അച്ചടിക്കോപ്പിക്കാണ് പിയാഫ് 2012ൽ അംഗീകാരം ലഭിച്ചത്. മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്വാഗൺ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവയ്ക്കാണ്. യുവർ മൊമെന്റ് ഈസ് വെയ്റ്റിങിന് ഫിലിംവിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്നു സ്വർണമെഡലടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിനുപിന്നാലെയാണ് ഈ അംഗീകാരം.

ലണ്ടനിലെ പ്രശസ്തമായ സാച്ചി ഗാലറിയിൽ നടന്ന ആകർഷകമായ ചടങ്ങിലാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിങിന് തുടക്കമിട്ടത്. ചെൽസ ഫുട്ബോൾ ക്ലബ്ബിന്റെ പടക്കുതിരയായ ദിദിയെ ദ്രോഗ്ബ, മുൻ ഇംഗ്ലണ്ട് ഫുട്ബോളർ ഗാരി ലിനേക്കർ, സിനിമാ താരം മോഹൻലാൽ എന്നിവരടക്കം നിരവധി വിശിഷ്ട വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തിരുന്നു.

പിയാഫിൽ മെഡൽ ലഭിച്ചത് ബ്രാൻഡ് മാനേജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അത്യാധ്വാനത്തിനു ലഭിച്ച അംഗീകാരമാണെന്നും ടൂറിസംമന്ത്രി എ പി അനിൽകുമാർ പറഞ്ഞു. കേരളമെന്ന ബ്രാൻഡ് ലോക ടൂറിസം സർക്കീട്ടിൽ പ്രചരിപ്പിക്കാൻ ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള വലിയ അംഗീകാരമാണിതെന്ന് ടൂറിസം ഡയറക്ടർ റാണി ജോർജ് വ്യക്തമാക്കി.

ആഗോള അഡ്വർടൈസിങ് കലണ്ടറിലെ തനതായ പരിപാടിയാണ് പിയാഫ്. ജേതാക്കളെ നിർണയിക്കുന്നത് ഈ മേഖലയിലെ പ്രഫഷനലുകളും പരസ്യദാതാക്കളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിപണനമേഖലയിലെ വിദഗ്ധരും യുവ സർഗപ്രതിഭകളും ചേർന്നാണ്.

കേരളാ ടൂറിസത്തിനൊപ്പം വേദി പങ്കിടാൻ സോണി പിക്ചേഴ്സും ഹൈനക്കനും ലെഗോയും ജർമനിയിൽനിന്ന് മക്ഡൊണാൾഡും ക്ഷണിക്കപ്പെട്ടിരുന്നു. സറ്റാർക്ക് കമ്യൂണിക്കേഷൻസിന്റെ സാക്ഷാത്കാരത്തിൽ വിശ്രുത ഫോട്ടോഗ്രാഫർ പ്രബുദ്ധ ദാസ് ഗുപ്തയാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിങിന്റെ അച്ചടിവിഭാഗം പ്രചാരണപരിപാടികൾ കാമറയിലാക്കിയത്.

ഫോട്ടോഗ്രഫിക്കും കലാസംവിധാനത്തിനും കൊച്ചി അഡ്വവർട്ടൈസിങ് ക്ലബ്ബിന്റെ 2012ലെ രണ്ട് പെപ്പർ അവാർഡുകൾ അച്ചടിപരസ്യങ്ങൾക്കു ലഭിച്ചിട്ടുണ്ട്.